# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1764** **04.12.2018-ൽ മറുപടിയ്ക്ക്**

## പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എം. സ്വരാജ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി) | |
| എ | പ്രളയക്കെടുതിയെ തുടർന്ന് പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകളുടെ പുനർ നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കാമോ; | എ | പ്രളയക്കെടുതിയെ തുടർന്ന് വീട് പൂർണ്ണമായും തകർന്നതോ വാസയോഗ്യമല്ലാതായതോ ആയവർക്ക് പുതിയ വീട് നിർമ്മിക്കുന്നതിനായി 4 ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് അതാത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി 05.10.2018-ലെ സ.ഉ.നം.527/2018/ഡി.എം.ഡി. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പ്രളയക്കെടുതിയെ തുടർന്ന് പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകളുടെ വിവരങ്ങൾ റീബിൽഡ് കേരള ആപ് വഴി ശേഖരിച്ച് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. കൂടാതെ പ്രളയത്തിൽ പൂർണ്ണമായി തകർന്ന വീടുകൾ ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന PMAY(G) സ്കീം വഴി പുനർനിർമ്മിക്കുന്നതിനുള്ള സ്പെഷ്യൽ പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് നൽകിയിട്ടുള്ളതാണ്. |
| ബി | ഇതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടി സുതാര്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കാമോ? | ബി | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സുതാര്യമാക്കുന്നതിന് വേണ്ടി സർക്കാർ റീ ബിൽഡ് കേരള ആപ്പ് ആവിഷ്കരിക്കുകയും സുതാര്യത ഉറപ്പ് വരുത്തി യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് തിരഞ്ഞെടുത്ത വാളണ്ടിയർമാർ, എൽ.എസ്.ജി.ഡി. എഞ്ചിനീയർമാർ, ഓവർസീയർമാർ എന്നിവർ സ്ഥലം പരിശോധന നടത്തുകയും ആവശ്യമെങ്കിൽ സെക്രട്ടറി, തഹസിൽദാർ എന്നിവരും കൂടി പരിശോധന നടത്തുന്നതാണ്. കൂടാതെ |

| | | | |
|---|---|---|---|
| | | | കളക്ടേറ്റിൽ നിന്നും ലഭ്യമാകുന്ന അപേക്ഷകളും തെരഞ്ഞെടുത്ത വാളണ്ടിയർമാർ, എൽ.എസ്.ജി.ഡി. എഞ്ചിനീയർമാർ, ഓവർസീയർമാർ എന്നിവർ മുഖേന പരിശോധന നടത്തി റീ ബിൽഡ് കേരള ആപ്പിൽ അപ് ലോഡ് ചെയ്യുകയും യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. പി.എം.എ.വൈ. മാർഗ്ഗനിർദ്ദേശ പ്രകാരം 2011-ലെ SECC ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെയാണ് ഭവന നിർമ്മാണ സഹായത്തിനായി തെരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ